# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2222

18 .07.2016-ൽ
മറുപടിയ്ക്ക്

### ' കനാലുകളും തോടുകളും കയ്യേറ്റം മൂലം അപ്രത്യക്ഷമാകുന്നത് '

| ശ്രീ. എം. എം ആരിഫ് | മറുപടി<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
|---|---|
| (എ) സംസ്ഥാനത്തിൻെറ വിവിധ പ്രദേശങ്ങളിൽ മുൻകാലങ്ങളിൽ കാർഷിക വൃത്തിക്കും ഗതാഗതാവശ്യത്തിനുമായി ഉപയോഗിച്ചിരുന്നതും പ്രകൃതിദത്തവും മനുഷ്യനിർമ്മിതവുമായ കനാലുകളും തോടുകളും കയ്യേറ്റം മൂലം ദൈനംദിനം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) എങ്കിൽ ഇതുമൂലം നഗരങ്ങളിലും ജനവാസകേന്ദ്രങ്ങളിലും വെള്ളക്കെട്ടുകൾ രൂപം കൊള്ളുകയും പാരിസ്ഥിതിക പ്രശ്നങ്ങൾ സംജാതമാകുകയും ചെയ്യുന്നത് ഗൗരവമായി കാണുന്നുണ്ടോ; | (ബി) ഈ വിഷയം ഗൗരവമായി കാണുന്നു. |
| (സി) പ്രസ്തുത പ്രദേശങ്ങളിലെ കനാലുകളുടെ സ്കെച്ചും മറ്റു വിവരങ്ങളും ശേഖരിക്കുന്നതിനും കയ്യേറ്റം രേഖപ്പെടുത്തി വെയ്ക്കുന്നതിനും നിർദ്ദേശം നൽകുമോ; | (സി) റിസർവ്വേ കഴിഞ്ഞ വില്ലേജുകളുടെ സ്കെച്ചിൽ കനാലുകൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. |
| (ഡി) കനാൽ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് സർക്കാർ തലത്തിൽ ജനകീയമായ വിധത്തിൽ നിയമനടപടികളും ഇടപെടലുകളും നടത്തി ലക്ഷ്യം കൈവരിക്കുവാൻ പ്രവർത്തനം ആസൂത്രണം ചെയ്യുമോ? | (ഡി) കനാൽ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ